ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# സ്ത്രീകളെ അസഭ്യമായി ചിത്രീകരിക്കുന്നത് (നിരോധിക്കൽ) ആക്റ്റ്, 1986

(1986-ലെ 60-ാം നമ്പർ ആക്റ്റ്)

(2013 ഫെബ്രുവരി 15-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE INDECENT REPRESENTATION OF WOMEN (PROHIBITION) ACT, 1986

## (ACT No. 60 of 1986)

(As on 15th February, 2013)

വില: 22 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട്, തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്, 2013.

## ആമുഖം

2013 ഫെബ്രുവരി 15-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള സ്ത്രീകളെ അസഭ്യമായി ചിത്രീകരിക്കുന്നത് നിരോധിക്കൽ ആക്റ്റ്, 1986 (1986-ലെ 60-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2013 ഏപ്രിൽ 6-ാം തീയതിയിലെ ഭാരതത്തിന്റെ അസാധാരണ ഗസറ്റ് XI-ാം ഭാഗം, I -ാം വകുപ്പ്, I-ാം വാല്യം, 10-ാം നമ്പരായി 1 മുതൽ 6 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50-ാം നമ്പർ ആക്റ്റ്)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

**പി. കെ. മൽഹോത്ര,**

*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the Indecent Representation of Women (Prohibition) Act, 1986 (Act No. 60 of 1986) as on 15th February, 2013 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. I, No. 10 dated 6th April, 2013 on pages 1 to 6.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (Act No. 50 of 1973) and on such publication it became the authoritative text of that Act in Malayalam.

P. K. MALHOTRA,

*Secretary to the Government of India.*

GCPT. 3/3008/2013

# സ്ത്രീകളെ അസഭ്യമായി ചിത്രീകരിക്കുന്നത് (നിരോധിക്കൽ) ആക്റ്റ്, 1986

(1986-ലെ 60-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം


| *വകുപ്പുകൾ* | | *പേജ്* |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | 1 |
| 2. | നിർവ്വചനങ്ങൾ | 1 |
| 3. | സ്ത്രീകളെ അസഭ്യമായി ചിത്രീകരിക്കുന്നതടങ്ങിയ പരസ്യങ്ങൾ നിരോധിക്കൽ | 2 |
| 4. | സ്ത്രീകളെ അസഭ്യമായി ചിത്രീകരിക്കുന്നതടങ്ങിയ പുസ്തകങ്ങൾ, ലഘുലേഖകൾ മുതലായവ പ്രസിദ്ധീകരിക്കുന്നതോ തപാൽ മാർഗ്ഗം അയയ്ക്കുന്നതോ നിരോധിക്കൽ | 2 |
| 5. | പ്രവേശിക്കാനും പരിശോധിക്കാനും ഉള്ള അധികാരങ്ങൾ | 3 |
| 6. | ശിക്ഷ | 4 |
| 7. | കമ്പനികളാലുള്ള കുറ്റങ്ങൾ | 4 |
| 8. | കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യമനുവദിക്കാവുന്നതുമാണെന്ന് | 5 |
| 9. | ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം | 5 |
| 10. | ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം | 5 |

# സ്ത്രീകളെ അസഭ്യമായി ചിത്രീകരിക്കുന്നത് (നിരോധിക്കൽ) ആക്റ്റ്, 1986

**(1986-ലെ 60-ാം നമ്പർ ആക്റ്റ്)**

1986 ഡിസംബർ, 23

പരസ്യങ്ങളിലൂടെയോ, പ്രസിദ്ധീകരണങ്ങളിലൂടെയോ, സാഹിത്യസൃഷ്ടികളിലൂടെയോ, ചിത്രരചനകളിലൂടെയോ, രൂപങ്ങളിലൂടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലോ സ്ത്രീകളെ അസഭ്യമായി ചിത്രീകരിക്കുന്നത് നിരോധിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് സാന്ദർഭികമായതോ ആയ വിഷയങ്ങൾക്കും വേണ്ടിയുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ മുപ്പത്തിയേഴാം സംവൽസരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.

1. (1) ഈ ആക്റ്റിന് സ്ത്രീകളെ അസഭ്യമായി ചിത്രീകരിക്കുന്നത് (നിരോധിക്കൽ) ആക്റ്റ്, 1986 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനം ഒഴികെ ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) *ഇത് കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

നിർവ്വചനങ്ങൾ.

2. ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "പരസ്യം" എന്നതിൽ ഏതെങ്കിലും നോട്ടീസോ, സർക്കുലറോ, ലേബലോ, റാപ്പറോ അല്ലെങ്കിൽ മറ്റു രേഖയോ ഉൾപ്പെടുന്നതും കൂടാതെ ഏതെങ്കിലും പ്രകാശമോ, ശബ്ദമോ, പുകയോ അല്ലെങ്കിൽ വാതകമോ മുഖേന ഉണ്ടാക്കുന്ന ഏതെങ്കിലും ദൃശ്യ ചിത്രീകരണവും ഉൾപ്പെടുന്നതുമാകുന്നു;

(ഖ) "വിതരണം" എന്നതിൽ സൗജന്യമായോ അല്ലെങ്കിൽ മറ്റുവിധത്തിലോ ഉള്ള സാമ്പിൾ വിതരണവും ഉൾപ്പെടുന്നു;

(ഗ) "സ്ത്രീകളെ അസഭ്യമായി ചിത്രീകരിക്കൽ" എന്നാൽ അസഭ്യമായിട്ടുള്ളതോ സ്ത്രീകളെ തരംതാഴ്ത്തുന്നതോ കരിതേച്ചുകാണിക്കുന്നതോ ആയ ഫലം ഉളവാക്കുന്ന അങ്ങനെയുള്ള വിധത്തിലോ, പൊതുസാൻമാർഗ്ഗികതയെയോ സദാചാരങ്ങളെയോ മലിനപ്പെടുത്തുകയോ ദുഷിപ്പിക്കുകയോ ക്ഷതി വരുത്തുകയോ ചെയ്യാനിടയുള്ള വിധത്തിലോ ഒരു സ്ത്രീയുടെ ആകാരത്തെയോ അവളുടെ രൂപത്തെയോ അല്ലെങ്കിൽ ശരീരത്തെയോ അതിന്റെ ഏതെങ്കിലും ഭാഗത്തെയോ ഏതെങ്കിലും രീതിയിൽ വർണ്ണിക്കുന്നത് എന്നർത്ഥമാകുന്നു;

---

*ഭാരത സർക്കാരിന്റെ എക്സ്-പാർട്ട് II എസ്സ്-3(2) 25-9-1987-ലെ ജി.എസ്. ആർ. 321 (ഇ) പ്രകാരം 1987 ഒക്ടോബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.

3/3008/2013/DTP.

(ഘ) ''ലേബൽ'' എന്നാൽ ഏതെങ്കിലും പാക്കേജിൽ ഒട്ടിച്ചതോ, പുറമേ കാണുന്നതോ ആയ ഏതെങ്കിലും എഴുതിയതോ അടയാളപ്പെടുത്തിയതോ മുദ്രവച്ചതോ അച്ചടിച്ചതോ അല്ലെങ്കിൽ വരച്ചതോ ആയ വസ്തു എന്നർത്ഥമാകുന്നു;

(ങ) ''പാക്കേജ്'' എന്നതിൽ ഒരു പെട്ടിയും കാർട്ടണും ടിന്നും അല്ലെങ്കിൽ മറ്റ് കണ്ടെയിനറും ഉൾപ്പെടുന്നതാകുന്നു;

(ച) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

സ്ത്രീകളെ അസഭ്യമായി ചിത്രീകരിക്കുന്നതടങ്ങിയ പരസ്യങ്ങൾ നിരോധിക്കൽ.

3. യാതൊരാളും, സ്ത്രീകളെ ഏതെങ്കിലും വിധത്തിൽ അസഭ്യമായി ചിത്രീകരിക്കുന്നതടങ്ങിയ ഏതെങ്കിലും പരസ്യം പ്രസിദ്ധപ്പെടുത്തുകയോ, പ്രസിദ്ധപ്പെടുത്താൻ ഇടയാക്കുകയോ അല്ലെങ്കിൽ പ്രസിദ്ധീകരണം ഏർപ്പാടു ചെയ്യാനോ പ്രസിദ്ധീകരണത്തിലോ പ്രദർശനത്തിലോ പങ്കുചേരാനോ പാടുള്ളതല്ല.

സ്ത്രീകളെ അസഭ്യമായി ചിത്രീകരിക്കുന്നതടങ്ങിയ പുസ്തകങ്ങൾ, ലഘുലേഖകൾ മുതലായവ പ്രസിദ്ധീകരിക്കുന്നതോ തപാൽ മാർഗ്ഗം അയയ്ക്കുന്നതോ നിരോധിക്കൽ.

4. യാതൊരാളും, സ്ത്രീകളെ ഏതെങ്കിലും വിധത്തിൽ അസഭ്യമായി ചിത്രീകരിക്കുന്നതടങ്ങിയ ഏതെങ്കിലും പുസ്തകമോ, ലഘുലേഖയോ, പത്രമോ, സ്ളൈഡോ, ചലച്ചിത്രമോ, സാഹിത്യസൃഷ്ടിയോ, ചിത്രമോ, പെയിന്റിംഗോ, ഫോട്ടോയോ, ചിത്രീകരണമോ അല്ലെങ്കിൽ രൂപമോ നിർമ്മിക്കുകയോ നിർമ്മിക്കാനിടയാക്കുകയോ വില്ക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ വിതരണം ചെയ്യുകയോ പ്രചരിപ്പിക്കുകയോ അല്ലെങ്കിൽ തപാൽമാർഗ്ഗം അയയ്ക്കുകയോ ചെയ്യാൻ പാടുള്ളതല്ല:

എന്നാൽ, ഈ വകുപ്പിലെ യാതൊന്നും,—

(ക) ഏതെങ്കിലും പുസ്തകമോ, ലഘുലേഖയോ, പത്രമോ, സ്ളൈഡോ, ഫിലിമോ, സാഹിത്യസൃഷ്ടിയോ, ചിത്രമോ, പെയിന്റിംഗോ, ഫോട്ടോയോ, ചിത്രീകരണമോ അല്ലെങ്കിൽ രൂപമോ—

(i) അതിന്റെ പ്രസിദ്ധീകരണം പൊതുനൻമയ്ക്ക് വേണ്ടിയാണെന്ന് ന്യായീകരിക്കാവുന്നതായി തെളിയിക്കപ്പെടുന്ന കാരണത്താൽ അങ്ങനെയുള്ള പുസ്തകമോ, ലഘുലേഖയോ, പത്രമോ, സ്ളൈഡോ, ചലച്ചിത്രമോ, സാഹിത്യസൃഷ്ടിയോ, ചിത്രമോ, പെയിന്റിംഗോ, ഫോട്ടോയോ, ചിത്രീകരണമോ അല്ലെങ്കിൽ രൂപമോ ശാസ്ത്രത്തിന്റെയോ സാഹിത്യത്തിന്റെയോ കലയുടെയോ അല്ലെങ്കിൽ വിജ്ഞാനത്തിന്റെയോ അല്ലെങ്കിൽ പൊതുവായി ബന്ധപ്പെടുന്ന മറ്റു കാര്യങ്ങളുടെയോ താൽപര്യത്തിനുവേണ്ടിയാണെങ്കിലും;

(ii) മതപരമായ ആവശ്യങ്ങൾക്കുവേണ്ടി ഉത്തമവിശ്വാസപൂർവ്വം അത് സൂക്ഷിക്കുമ്പോഴും ഉപയോഗിക്കുമ്പോഴും;

(ഖ) ഏതെങ്കിലും ചിത്രീകരണം ശില്പവേല ചെയ്തോ കൊത്തിയുണ്ടാക്കിയോ പെയിന്റ് ചെയ്തോ അല്ലെങ്കിൽ മറ്റു വിധത്തിലോ—

(i) പുരാതന സ്മാരകങ്ങളും പുരാതത്വീയ സ്ഥാനങ്ങളും അവശിഷ്ടങ്ങളും ആക്റ്റ്, 1958 (1958-ലെ 24)-ന്റെ വ്യാപ്തിക്കുള്ളിൽ വരുന്ന ഏതെങ്കിലും പുരാതന സ്മാരകങ്ങളിൻമേലോ; അല്ലെങ്കിൽ

(ii) ഏതെങ്കിലും ക്ഷേത്രത്തിലോ അല്ലെങ്കിൽ വിഗ്രഹങ്ങൾ കൊണ്ടുപോകുന്നതിനുപയോഗിക്കുന്നതോ സൂക്ഷിക്കുന്നതോ അല്ലെങ്കിൽ ഏതെങ്കിലും മതപരമായ ആവശ്യങ്ങൾക്കുപയോഗിക്കുന്നതോ ആയ ഏതെങ്കിലും കാറിൻമേലോ ചിത്രീകരിക്കുന്നതോ;

(ഗ) സിനിമാ ആക്റ്റ്, 1952 (1952-ലെ 37)-ന്റെ രണ്ടാം ഭാഗത്തിലെ വ്യവസ്ഥകൾ ബാധകമാകുന്ന ഏതെങ്കിലും ചലച്ചിത്രത്തെ സംബന്ധിച്ചും,

ബാധകമാകുന്നതല്ല.

5. (1) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ചട്ടങ്ങൾക്ക് വിധേയമായി സംസ്ഥാന സർക്കാർ അധികാരപ്പെടുത്തിയ ഏതെങ്കിലും ഗസറ്റഡ് ഓഫീസർക്ക്, അങ്ങനെ അദ്ദേഹത്തെ അധികാരപ്പെടുത്തിയിട്ടുള്ള പ്രദേശത്തിന്റെ തദ്ദേശാതിർത്തിക്കുള്ളിൽ,—

പ്രവേശിക്കാനും പരിശോധിക്കാനും ഉള്ള അധികാരങ്ങൾ.

(ക) ന്യായമായ എല്ലാ സമയത്തും ആവശ്യമെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള എന്തെങ്കിലും സഹായത്തോടെ, ഈ ആക്റ്റിൻ കീഴിലുള്ള ഒരു കുറ്റം ചെയ്യപ്പെട്ടതായോ അല്ലെങ്കിൽ ചെയ്തുകൊണ്ടിരിക്കുന്നതായോ അദ്ദേഹത്തിന് വിശ്വസിക്കുവാൻ കാരണമുള്ള ഏതുസ്ഥലത്തും പ്രവേശിക്കുകയും പരിശോധിക്കുകയും;

(ഖ) ഏതെങ്കിലും പരസ്യമോ അല്ലെങ്കിൽ പുസ്തകമോ, ലഘുലേഖയോ, പത്രമോ, സ്ലൈഡോ, ചലച്ചിത്രമോ, സാഹിത്യസൃഷ്ടിയോ, ചിത്രമോ, പെയിന്റിംഗോ, ഫോട്ടോയോ, ചിത്രീകരണമോ അല്ലെങ്കിൽ രൂപമോ ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് അദ്ദേഹത്തിന് വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ പിടിച്ചെടുക്കുകയും;

(ഗ) 'ക' ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഏതു സ്ഥലത്തും കാണപ്പെടുന്ന ഏതെങ്കിലും രേഖയോ, രജിസ്റ്ററോ, പ്രമാണമോ അല്ലെങ്കിൽ മറ്റേതെങ്കിലും ലക്ഷ്യവസ്തുവോ പരിശോധിക്കുകയും ഈ ആക്റ്റിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം ചെയ്തതായി അത് തെളിവ് നൽകുമെന്ന് അദ്ദേഹത്തിന് വിശ്വസിക്കാൻ കാരണമുള്ളപക്ഷം അത് പിടിച്ചെടുക്കുകയും, ചെയ്യാവുന്നതാണ്:

എന്നാൽ, ഒരു വാറണ്ട് കൂടാതെ ഈ ഉപവകുപ്പിൻകീഴിൽ ഒരു സ്വകാര്യ വാസഗൃഹത്തിൽ പ്രവേശിക്കാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, ഈ ഉപവകുപ്പിൻകീഴിൽ പിടിച്ചെടുക്കാനുള്ള അധികാരം, അങ്ങനെയുള്ള ഏതെങ്കിലും പരസ്യം അടങ്ങുന്ന ഏതെങ്കിലും പ്രമാണമോ പദാർത്ഥമോ അല്ലെങ്കിൽ സാധനമോ സംബന്ധിച്ച് അങ്ങനെയുള്ള പ്രമാണത്തിന്റെയോ പദാർത്ഥത്തിന്റെയോ അല്ലെങ്കിൽ സാധനത്തിന്റെയോ ഏതെങ്കിലും ഉള്ളടക്കം ഉൾപ്പെടെ പരസ്യം, അത് കൊത്തുപണിയിലുള്ളതോ അല്ലാത്തതോ ആണെന്നുള്ള കാരണത്താൽ അങ്ങനെയുള്ള പ്രമാണത്തിൽ നിന്നോ പദാർത്ഥത്തിൽ നിന്നോ അല്ലെങ്കിൽ സാധനത്തിൽ നിന്നോ അതിന്റെ ആർജ്ജവത്തെയോ ഉപയോഗ്യതയെയോ വില്പനമൂല്യത്തെയോ ബാധിക്കാതെ വേർപെടുത്താൻ കഴിയുന്നില്ലെങ്കിൽ,

പ്രയോഗിക്കാവുന്നതാണ്.

(2) ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ന്റെ വ്യവസ്ഥകൾ ആകാവുന്നത്ര, ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും പരിശോധനയ്ക്കോ അല്ലെങ്കിൽ പിടിച്ചെടുക്കലിനോ മുൻപറഞ്ഞ ക്രിമിനൽ നടപടി നിയമസംഹിതയിലെ 94-ാം വകുപ്പിൻകീഴിലുള്ള പിടിച്ചെടുക്കലിനോ അല്ലെങ്കിൽ പരിശോധനയ്ക്കോ അധികാരസ്ഥാനം പുറപ്പെടുവിക്കുന്ന ഒരു വാറണ്ടിന് ബാധകമാകുന്നതുപോലെ, ബാധകമാകുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിന്റെയോ (ഗ) ഖണ്ഡത്തിന്റെയോ കീഴിൽ ഏതെങ്കിലും ആൾ എന്തെങ്കിലും പിടിച്ചെടുക്കുന്നിടത്ത് അയാൾ കഴിയുന്നത്ര വേഗത്തിൽ ഏറ്റവും അടുത്തുള്ള മജിസ്ട്രേറ്റിനെ വിവരം അറിയിക്കേണ്ടതും അതിന്റെ സൂക്ഷിപ്പ് സംബന്ധിച്ച് അദ്ദേഹത്തിന്റെ ഉത്തരവ് വാങ്ങേണ്ടതുമാണ്.

ശിക്ഷ.

6. 3-ാം വകുപ്പിലേയോ 4-ാം വകുപ്പിലേയോ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും ആദ്യ കുറ്റസ്ഥാപനത്തിന് രണ്ടുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ രണ്ടായിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോ, രണ്ടാമത്തേതോ, പിന്നീടുള്ളതോ ആയ കുറ്റസ്ഥാപനത്തിന് ആറുമാസത്തിൽ കുറയാത്തതും എന്നാൽ അഞ്ച് വർഷത്തോളമാകാവുന്ന കാലത്തേക്ക് തടവുശിക്ഷയോ കൂടാതെ പതിനായിരം രൂപയിൽ കുറയാത്തതും എന്നാൽ ഒരുലക്ഷം രൂപയോളമാകാവുന്ന പിഴശിക്ഷയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

കമ്പനികളാലുള്ള കുറ്റങ്ങൾ.

7. (1) ഈ ആക്റ്റിൻ കീഴിലുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിട്ടുള്ളിടത്ത് ആ കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ബിസിനസ്സിന്റെ ചുമതല വഹിച്ചിരുന്നതും അതിന്റെ നടത്തിപ്പിന് കമ്പനിയോട് ഉത്തരവാദിത്വമുണ്ടായിരുന്നതുമായ ഓരോ ആളും കൂടാതെ കമ്പനിയും, ആ കുറ്റത്തിന് അപരാധികളായി കരുതപ്പെടേണ്ടതും എതിരായി നടപടി എടുക്കപ്പെടാനും അതനുസരിച്ച് ശിക്ഷിക്കപ്പെടാനും ബാദ്ധ്യസ്ഥരായിരിക്കേണ്ടതുമാണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും ആളെ ആ കുറ്റം അയാളുടെ അറിവ് കൂടാതെ ചെയ്തിട്ടുള്ളതാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയുന്നതിന് അയാൾ വേണ്ടുന്നത്ര എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നു എന്നോ അയാൾ തെളിയിക്കുന്ന പക്ഷം, ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും ശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും ആ കുറ്റം ആ കമ്പനിയിലെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ അല്ലെങ്കിൽ കമ്പനിയിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടുകൂടിയോ, മൗനാനുവാദത്തോടുകൂടിയോ ചെയ്തിട്ടുള്ളതാണെന്നോ അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് കൽപ്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നപക്ഷം, അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ അല്ലെങ്കിൽ മറ്റുദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടേണ്ടതും അതനുസരിച്ച് എതിരായി നടപടി നടത്തപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃതനികായം എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ അല്ലെങ്കിൽ വ്യക്തികളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതും;

(ഖ) "ഡയറക്ടർ" എന്നാൽ ഒരു ഫേമിനെ സംബന്ധിച്ചിടത്തോളം ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതും,

ആകുന്നു.

8. (1) ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റത്തിന് ജാമ്യമനുവദിക്കാവുന്നതാണ്. കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യമനുവദിക്കാവുന്നതുമാണെന്ന്.

(2) ഈ ആക്റ്റിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം കോഗ്നൈസബിളായിരിക്കുന്നതാണ്.

9. ഈ ആക്റ്റിൻകീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ, ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തെങ്കിലും സംബന്ധിച്ച് കേന്ദ്രസർക്കാരിനോ സംസ്ഥാന സർക്കാരിനോ അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഏതെങ്കിലും ഓഫീസർക്കെതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ അല്ലെങ്കിൽ മറ്റു നിയമ നടപടിയോ നിലനിൽക്കുന്നതല്ല. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം.

10. (1) കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ, കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്,—

(ക) പരസ്യങ്ങളുടെയോ മറ്റു പദാർത്ഥങ്ങളുടെയോ പിടിച്ചെടുക്കൽ നടത്തുന്ന രീതിയും പിടിച്ചെടുക്കൽ ലിസ്റ്റ് തയ്യാറാക്കേണ്ടതിന്റെയും ഏതെങ്കിലും പരസ്യമോ അല്ലെങ്കിൽ മറ്റ് പദാർത്ഥമോ ആരിൽ നിന്നാണോ പിടിച്ചെടുത്തത് അയാൾക്ക് നൽകേണ്ടതിന്റെയും രീതിയും;

(ഖ) നിർണ്ണയിക്കപ്പെടേണ്ടതോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതൊരു സംഗതിയും.

(3) ഈ ആക്റ്റിൻകീഴിലുണ്ടാക്കുന്ന ഓരോ ചട്ടവും, അതുണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ അടങ്ങുന്ന ആകെ മുപ്പത് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർന്നുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തു വരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ചട്ടം ഉണ്ടാക്കാൻ പാടില്ല എന്നതിൽ യോജിക്കുകയോ ചെയ്യുന്നപക്ഷം, അതിനുശേഷം ആ ചട്ടത്തിൽ, അതതു സംഗതി പോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധം ആയിരിക്കുന്നതുമാണ്.

# THE INDECENT REPRESENTATION OF WOMEN (PROHIBITION) ACT, 1986

## (ACT No. 60 of 1986)

## സ്ത്രീകളെ അസഭ്യമായി ചിത്രീകരിക്കുന്നത് (നിരോധിക്കൽ) ആക്റ്റ്, 1986

(1986-ലെ 60-ാം നമ്പർ ആക്റ്റ്)

| | | | |
|---|---|---|---|
| 1. | Indecent representation | അസഭ്യമായി ചിത്രീകരിക്കൽ | Sn. 2 (c) |
| 2. | Depiction | വർണ്ണിക്കുന്നത് | Sn. 2 (c) |
| 3. | Figure | ആകാരം | Sn. 2 (c) |
| 4. | Denigrating | കരിതേച്ചുകാണിക്കുക | Sn. 2 (c) |
| 5. | Deprave | മലിനപ്പെടുത്തുക | Sn. 2 (c) |
| 6. | Engrave | കൊത്തിയുണ്ടാക്കുക | Sn. 4 (b) |